# നന്ദിയുള്ളവനാകേണ്ടേ ഞാൻ?

عَنْ عَائِشَةَ رَضِيَ اللهُ عَنْهَا : أَنَّ النَّبِيَّ ﷺ كَانَ يَقُومُ مِنَ اللَّيْلِ حَتَّى تَتَفَطَّرَ قَدَمَاهُ ، فَقُلْتُ لَهُ : لِمَ تَصْنَعُ هَذَا يَا رَسُولَ اللهِ ، وَقَدْ غَفَرَ اللهُ لَكَ مَا تَقَدَّمَ مِنْ ذَنْبِكَ وَمَا تَأَخَّرَ؟ قَالَ أَفَلَا أُحِبُّ أَنْ أَكُونَ عَبْدًا شَكُورًا

**ആഇശ(റ)യിൽ നിന്ന് നിവേദനം: തന്റെ രണ്ടു കാലുകളും നീരു വന്ന് തടിക്കുവോളം പ്രവാചകൻ രാത്രിയിൽ നിന്ന് നമസ്കരിക്കാറുണ്ടായിരുന്നു. ഞാൻ അദ്ദേഹത്തോട് ചോദിച്ചു: "താങ്കളെന്തിനാണ് ഇപ്രകാരം ചെയ്യുന്നത്? താങ്കളുടെ സകല പാപങ്ങളും അല്ലാഹു താങ്കൾക്ക് പൊറുത്തു തന്നിട്ടുണ്ടല്ലോ?" അദ്ദേഹം പറഞ്ഞു: "നന്ദിയുള്ളൊരു അടിമയാകാൻ ഞാനും ഇഷ്ടപ്പെടേണ്ടേ?!"(ബുഖാരി മുസ്‌ലിം)**

**ഭക്തിയുടെയും** സൂക്ഷ്മതയുടെയും കൊടുമുടിയിലെത്തിയിട്ടും ദൈവ സാമീപ്യത്തിനായി വെമ്പൽ കൊള്ളുന്ന പ്രവാചകമനസ്സ് നമ്മെ ഇരുത്തി ചിന്തിപ്പിക്കേണ്ടതാണ്. അല്ലാഹുവിന്റെ സമീപസ്ഥരായ ദാസന്മാർ ആരാധനാദി കാര്യങ്ങളിൽ അലസതയും അലംഭാവവുമല്ല, ഉന്മേഷവും ഉത്സാഹവുമാണ് പ്രകടിപ്പിക്കുക എന്നാണ് ഈ സംഭവം വ്യക്തമാക്കിത്തരുന്നത്.

ആഇശ(റ)യുടെ സംശയം ന്യായമായി നമുക്ക് തോന്നാം. എല്ലാം പൊറുക്കപ്പെട്ട്, ദൈവസാമീപ്യം നേടിയ സർവ്വദോഷ മുക്തനായ പ്രവാചകൻ കാലിൽ നീര് വന്ന് തടിക്കുമാറ് നിന്നു നമസ്ക്കരിക്കേണ്ട കാര്യമെന്ത് എന്ന്. തനിക്ക് ദൈവമരുളിയ അനുഗ്രഹത്തിന്റെ ഒരംശം പോലുമാകില്ല തന്റെ ആരാധനയും മറ്റു കർമങ്ങളും എന്നറിഞ്ഞ പ്രവാചകൻ അനുനിമിഷം നന്ദി പ്രകടനത്തിനായി ഇടങ്ങൾ കണ്ടെത്തുകയായിരുന്നു.

നമസ്കാരം വിശ്വാസിയുടെ നിർബന്ധ ബാധ്യതയാണ്. എന്നാൽ 'നവാഫിൽ' (ഐച്ഛിക കർമങ്ങൾ) കൊണ്ടാണ് അടിമകൾ തന്നിലേക്ക് അടുക്കുന്നതെന്നാണ് അല്ലാഹു തന്നെ പറയുന്നത്. ആ കർമം നമസ്കാരമാവുമ്പോഴും അവ നിർവഹിക്കപ്പെടുന്നത് രാത്രിയിലാകുമ്പോഴും പ്രതിഫലത്തിന്റെയും അനുഗ്രഹത്തിന്റെയും അളവ് കണക്കിനതീതമായിരിക്കും. രാത്രിയുടെ ഏകാന്തതയിലും ശാന്തതയിലും ദൈവ സാമീപ്യത്തിനായി സമയം കണ്ടെത്തുന്നവന്റെ സന്തോഷവും അനുഭൂതിയുമാകട്ടെ വിവരണത്തിനപ്പുറത്താണ്.

അവാച്യമായ അനുഭൂതിയാണ് നമസ്കാരത്തിന്റെ യഥാർത്ഥ ഫലം. 'എനിക്ക് ഏറ്റവും കൂടുതൽ കൺകുളിർമ ലഭിക്കുന്നത് എന്റെ നമസ്കാരത്തിലാണ്' എന്ന് പറയുകയുണ്ടായി റസൂൽ. വിശ്വാസിയുടെ മിഅ്റാജ് (ആകാശാരോഹണം) ആണ് നമസ്കാരമെന്നും അവിടുന്ന് കൂട്ടിച്ചേർത്തു. ദേഹവും ദേഹിയും ദൈവത്തിലലിയുന്ന സുന്ദര നിമിഷം. സൃഷ്ടിയും സ്രഷ്ടാവും തമ്മിലെ രഹസ്യ സംഭാഷണം (മുനാജാത്ത്).

റമദാനിന്റെ രാവുകളിലും മറ്റും രാത്രി നമസ്കാരത്തിനായി സമയം കണ്ടെത്തുന്നവർ തന്നെയാണ് നമ്മിൽ പലരും. പക്ഷേ, പലർക്കും അവരുടെ നമസ്കാരം ആനന്ദവും അനുഭൂതിയും സമ്മാനിക്കുന്നില്ല.

നിന്നും ഇരുന്നും കിടന്നും പോലും ദൈവത്തെ സ്മരിക്കുന്ന വിശ്വാസികൾക്കാണ് വിശുദ്ധ ഖുർആന്റെ പ്രശംസ. രക്ഷയെ കുറിച്ചുള്ള ആശയും ശിക്ഷയെക്കുറിച്ചുള്ള ആശങ്കയും ദൈവവുമായി കൂടുതൽ അടുപ്പിക്കാൻ അവരെ സഹായിക്കുന്നതായും ഖുർആൻ പറയുന്നു. ദൈവവുമായുള്ള ബന്ധം ഊട്ടിയുറപ്പിക്കാൻ രാത്രി നമസ്കാരത്തേക്കാൾ പുണ്യമുള്ള മറ്റേതു ആരാധനയാണ് അല്ലാഹു ഒരുക്കി വെച്ചിട്ടുള്ളത്?

രാത്രിയിലെ കർമങ്ങൾക്ക് വേറെയുമുണ്ട് പ്രത്യേകതകൾ. തന്റെ അടിമകളോട് അല്ലാഹു ഏറ്റവും കൂടുതലായി അടുത്തു നിൽക്കുന്ന സമയമാണത്. 'ആർ എന്നിൽ അഭയം തേടിയോ അവന് ഞാൻ അഭയം നൽകും. ആർ പാപമോചനം തേടിയോ അവന് ഞാൻ പൊറുത്തു കൊടുക്കും' എന്ന് അല്ലാഹു അരുൾ ചെയ്ത നിമിഷം. വിവരണാതീതമായ അനുഗ്രഹങ്ങളുടെ പൂമഴ പെയ്യുന്ന ഈ നേരത്ത് പുതപ്പിന്റെയും കിടക്കയുടെയും സുഖം വെടിഞ്ഞ് അല്ലാഹുവിന് മുമ്പിൽ കുമ്പിടുന്നവനാണ് യഥാർത്ഥ വിശ്വാസി. ജനങ്ങൾ നിദ്ര പുൽകുന്ന നേരത്ത് ഉണർന്നിരിക്കുന്ന അടിമയുടെ മഹത്വത്തെക്കുറിച്ചും പ്രവാചക വചനങ്ങൾ അനവധിയുണ്ട്.

ദൈവപ്രീതിക്കായി മത്സരിച്ച് മുന്നേറിയ ഒരു തലമുറയായിരുന്നു പ്രവാചകശിഷ്യന്മാരുടേത്. ഖുർആൻ പാരായണത്തിനും നമസ്കാരത്തിനും പ്രാർത്ഥനകൾക്കും വേണ്ടി അവർ രാത്രി നീക്കി വെച്ചു. ആരാധനക്കും ഉറക്കത്തിനും പഠനത്തിനും വേണ്ടി രാത്രിയെ വേർതിരിച്ച പണ്ഡിതന്മാരെക്കുറിച്ചും ഇസ്‌ലാമിക ചരിത്രത്തിൽ പരാമർശം കാണാം. ജനങ്ങൾ ഉറങ്ങുമ്പോൾ ഉണർന്നിരിക്കുന്നത് മഹത്വമായി കണ്ടവരായിരുന്നു അവർ.

കേവലം തറാവീഹിൽ ഒതുക്കിക്കളയരുത് നമ്മുടെ രാത്രി നമസ്കാരങ്ങൾ. രാത്രിയുടെ വിവിധ യാമങ്ങളിൽ പ്രാർത്ഥനക്കും നമസ്ക്കാരത്തിനുമായി നാം സമയം കണ്ടെത്തേണ്ടതുണ്ട്. ഓർക്കുക, ദൈവം നമുക്ക് തന്ന അനുഗ്രഹങ്ങൾക്ക് നന്ദി പ്രകടിപ്പിക്കാൻ നമ്മുടെ ഈ ആയുസ്സ് ഒട്ടും തന്നെ പോരാ. റക്അത്തുകളുടെ എണ്ണം കുറവാണെങ്കിലും സ്ഥിരസ്വഭാവത്തോടുകൂടിയ ഒരു 'രാത്രിനമസ്കാര' സംസ്കാരം നാം ബോധപൂർവ്വം തന്നെ വളർത്തിയെടുക്കണം. ■